**പാദവാർഷിക പരീക്ഷ 2011-2012**
**ഒൻപതാം ക്ലാസ്സ്**
**ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക് നോളജി**

## ½ സ്കോറിനുള്ള ചോദ്യങ്ങൾ

1. ചുവടെ തന്നിട്ടുള്ളവയിൽ ഏതാണ് തെരഞ്ഞെടുത്ത ചിത്രത്തിലെ വ്യത്യസ്ത നിറങ്ങളെ ലയിപ്പിച്ച ചേർക്കാൻ ഉപയോഗിക്കുന്ന പെയിന്റ് ടൂൾ?

a)   b) 

c)   d) 

2. ഒരു ചിത്രത്തെ നിയന്ത്രിക്കാൻ കഴിയുന്ന ഏറ്റവും ചെറിയ യൂണിറ്റ് ?

3. ചുവടെ തന്നിട്ടുള്ളതിൽ ചിത്രഫയൽ ഫോർമാറ്റ് അല്ലാത്തത് ഏതെന്ന് രേഖപ്പെടുത്തുക ?

**(.jpg , .png, .svg, xcf .)**

4.ജിമ്പ് സോഫ്റ്റ് വെയറിൽ ഉപയോഗിക്കുന്ന ഏതാനും ടൂളുകളാണ് ചുവടെ നൽകിയിരിക്കുന്നത്. ഇവയിൽ ട്രാൻസ്ഫോം ടൂൾ അല്ലാത്തത് ഏത് ?

**(റൊട്ടേറ്റ് ടൂൾ, സ്കെയിൽ ടൂൾ, ക്ലോൺടൂൾ, ഫ്ലിപ്പ് ടൂൾ)**

5. നൽകിയിരിക്കുന്ന ചിത്രത്തിൽ കാണുന്ന ടൂളുകൾക്ക് പൊതുവായി പറയുന്ന പേര്?



6. ഒരു വർക്ക് ഷീറ്റിലെ ക്രമനമ്പറും പേരും സ്ഥിരമായി നിലനിർത്തി മറ്റുള്ള വിവരങ്ങൾ ആവശ്യാനുസരണം കാണാൻ  കാൽക്കിൽ ഉപയോഗിക്കുന്ന സംവിധാനം.

**(സെൽമെർജിംഗ്, സെൽഫ്രീസിംഗ്, ഫോർമാറ്റിംഗ്, ഫിൽട്ടറിംഗ്)**

7. ഒരു ഡോക്യുമെന്റ് തിരശ്ചീനമായി പ്രിന്റ് ചെയ്യുന്നതിന് പ്രിന്റർ ക്രമീകരണത്തിലെ ഓറിയന്റേഷൻ എന്ന ഭാഗത്ത് ഏത് ഓപ്ഷനാണ് നൽകേണ്ടത്?

8. 

ജിയോജിബ്രയിൽ  ഈ ടൂളിന്റെ പേര് എന്താണ് ?

**(മൂവ് ടൂൾ, ടെക്സ്റ്റ് ടൂൾ,സ്ലൈഡർ ടൂൾ, ഡയലേഷൻ ടൂൾ)**

9. ജിയോജിബ്രയിൽ ബഹുഭുജങ്ങൾ, വൃത്തം, ചിത്രങ്ങൾ തുടങ്ങിയവയെ ഒരു നിശ്ചിത ബിന്ദുവിൽ നിന്നുള്ള ദൂരത്തെ അടിസ്ഥാനമാക്കി വലുതാക്കാനും ചെറുതാക്കാനും ഈ സങ്കേതം ഉപയോഗിക്കുന്നു.

**( റൊട്ടേറ്റ്, ഡയലേറ്റ് , ട്രാൻസലേറ്റ് , റിഫ്ളക്ട്)**

10. Δ ABC യുടെ ഉൾക്കോണുകളുടെ തുക പ്രദർശിപ്പിക്കുന്നതിന് ജിയോജിബ്രയിൽ ടെക്സ്റ്റ് ബോക്സിൽ ഉൾപ്പെടുത്തേണ്ട സൂത്രവാക്യം, "Sum=".................. ആകുന്നു.

(a) (A+B+C) (b) +(**α+β+γ**) (c) **α+β+γ** (d) (**α+β+γ**)/⁰⁾

11. ഒരു വെബ്ബ് പേജിൽ ചിത്രം ഉൾപ്പെടുത്തുന്നതിന് ഏത് html ടാഗാണ് നാം ഉപയോഗിക്കേണ്ടത്?

**(<html>, <title>, <img>, <p> )**

12. ഒരു വെബ്ബ് പേജിന് പശ്ചാത്തല നിറം നൽകുന്നതിന് ഉപയോഗിക്കുന്ന html ടാഗാണ്............

13. .നമ്മുടെ വെബ്പേജിൽ അക്ഷരങ്ങൾ ചലിപ്പിക്കാൻ ഉപയോഗിക്കുന്ന ടാഗ് ഏത്?

**(<b>, <i>, <marquee>, <scroll>)**

====================

## 1 സ്കോറിനുള്ള ചോദ്യങ്ങൾ

1.ഒരു ചിത്രം ജിമ്പിലൂടെ തുറക്കുന്ന പ്രവർത്തനക്രമം വ്യക്തമാക്കുക?

2. ചുവടെ നൽകിയിരിക്കുന്ന ജാലകം ഏത് ആപ്ലിക്കേഷൻ സോഫ്റ്റവെയറിന്റെ ഭാഗമാണ് . ഇതിന്റെ ഉപയോഗമെന്ത്?




3. ചുവടെ നൽകിയിരിക്കുന്ന ചിത്രത്തിൽ കാണുന്ന ടൂൾ ഏതാണ്? എന്താണിതിന്റെ ഉപയോഗം?



4. ജിമ്പ് സോഫ്റ്റ് വെയറിൽ ചിത്രങ്ങളുടെ ആകൃതിയിലും വലിപ്പത്തിലും രൂപമാറ്റം വരുത്താൻ സഹായിക്കുന്ന ടൂളുകളാണല്ലോ ട്രാൻസ്ഫോം ടൂളുകൾ. വിവിധ ട്രാൻസ്ഫോം ടൂളുകൾ ഏവ?

5. ജിമ്പ് സോഫ്റ്റ് വെയറിൽ ന്യൂ ഇമേജ് ക്രിയേറ്റ് ചെയ്യുന്നതിനുവേണ്ടി തുറക്കുന്ന ഒരു ഫ്രെയിമിൽ തുടക്കത്തിൽ എത്ര ലെയറുകൾ ഉണ്ടാവും?

6.നിദ്ദു തന്റെ പ്രോജക്ട് സെമിനാർ രൂപത്തിൽ അവതരിപ്പിക്കാൻ വേണ്ടി പ്രസന്റേഷൻ തയ്യാറാക്കി. ടീച്ചർ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഒരു വീഡിയോ നല്കി. അതുകൂടി ഉൾപ്പെടുത്തി പ്രസന്റേഷൻ മെച്ചപെടുത്തുവാൻ ആവശ്യപ്പെട്ടു. നിദ്ദുവിന് പ്രസന്റേഷനിൽ വീഡിയോ ചേർക്കുവാൻ അറിയില്ല. അതിനുള്ള പ്രവർത്തനക്രമം നിദ്ദുവിന് എഴുതിനല്കി നിങ്ങൾ സഹായിക്കുക.

7.ഒരു വർക്ക് ഷീറ്റിലെ ക്രമനമ്പറും പേരും സ്ഥിരമായി നിലനിർത്തി മറ്റുള്ള വിവരങ്ങൾ ആവശ്യാനുസരണം കാണാൻ എന്താണു ചെയ്യേണ്ടത്.

8. റിദു തയ്യാറാക്കിയ ഐ.ടി ക്ലബ്ബ് അംഗങ്ങളുടെ പട്ടികയിൽ നിന്ന് എട്ടാം ക്ലാസ്സിലെ കുട്ടികളുടെ പേര് മാത്രം അരിച്ചെടുക്കുന്നതിന് കാൽക്കിലുള്ള ഫിൽട്ടറിംഗ് സങ്കേതം ഉപയോഗിക്കുന്നതിനുള്ള പ്രവർത്തന ക്രമം എഴുതി സഹായിക്കുക?

9. ജിയോജിബ്രയിൽ ഒരു ത്രികോണം അല്ലെങ്കിൽ ഒരു ചതുർഭുജം തുടങ്ങിയവയെല്ലാം വരയ്ക്കുമ്പോൾത്തന്നെ ഓരോ ശീർഷങ്ങൾക്കും സോഫ്റ്റ് വെയർ പേരുകൾ കൊടുത്തിരിക്കും. സോഫ്റ്റ് വെയർ നല്കിയ പേരുകൾക്കു പകരം മറ്റൊരു പേരാണ് പ്രദർശിപ്പിക്കേണ്ടതെങ്കിൽ എന്താണ് ചെയ്യേണ്ടത് ?

10. ജിയോജിബ്രയിൽ ഏതു ടൂൾ ഉപയോഗിച്ച് നമുക്ക് വളരെ എളുപ്പത്തിൽ ഒരു സമചതുരം വരയ്ക്കാം ?

11. ജിയോജിബ്രയിൽ ഒരു ചിത്രം ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനക്രമം എഴുതുക?

12. തന്റെ വെബ്പേജിന് മഞ്ഞ പശ്ചാത്തലനിറം നൽകാനായി നിസാർ നല്കിയ ടാഗാണ് ചുവടെ നൽകിയിരിക്കുന്നത്.

**<body bgcolour="yellow">**

പക്ഷേ ഇത് പ്രവർത്തിച്ചില്ല.എന്തായിരിക്കാം കാരണം.? അതു ശരിയായ രീതിയിൽ മാറ്റിയെഴുതുക.

13. നിങ്ങളുടെ വെബ് പേജിൽ Digital Painting Competition എന്ന വരി ചലിക്കുന്നതിന് നല്കിയ നിർദ്ദേശം **<marquee>** എന്നാണെങ്കിൽ ഏത് ദിശയിലേക്കായിരിക്കും ആ വരി ചലിക്കുക?

14.Home folder ൽ സേവ് ചെയ്തിട്ടുള്ള html ഫയലിൽ എന്ത് ടാഗ് ചേർത്താൽ അതേ ഫോൾഡറിലുള്ള boat.jpg എന്ന ചിത്രത്തെ വെബ് പേജിൽ ഉൾപ്പെടുത്താം?

15.ഒരു ടെക്സ്റ്റ് ഡോക്യുമെന്റ് പ്രിന്റ് എടുക്കുമ്പോൾ ഓറിയെന്റേഷൻ ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയെന്ത്?

16. വിവിധതരം സ്റ്റൈലുകൾ ഏതെല്ലാം ?

17. ഫിൽട്ടർ സങ്കേതം നിങ്ങളെ എന്തിനു സഹായിക്കുന്നു എന്നു എഴുതുക?

18. നിഹാൽ  തന്റെ സ്കൂളിന്റെ പേരിൽ വെബ്പേജ് നിർമ്മിക്കാനായി ടെക്സ്റ്റ് എഡിറ്ററിൽ തയ്യാറാക്കിയ പേജ് സോഴ്സിന്റെ ഭാഗമാണ് താഴേ കൊടുത്തിരിക്കുന്നത്.

```
        <html>
    <b>GHSS, Thrissilery</b>
     <font colour="red">
          </font>
         </html>
```

വെബ്പേജിൽ പക്ഷേ സ്കൂളിന്റെ പേരിലെ അക്ഷരങ്ങൾക്ക് ചുവപ്പുനിറം ലഭിക്കുന്നില്ല. എന്തായിരിക്കാം കാരണം? ശരിയാക്കി എഴുതുക.

==============================

# 1½ സ്കോറിനുള്ള ചോദ്യങ്ങൾ

1. ഒരു ചിത്രം വ്യത്യസ്ത ഫയൽ ഫോർമാറ്റിൽ സേവ് ചെയ്യുന്നതിന്റ പ്രാധാന്യം വ്യക്തമാക്കുക?

2. ട്രാൻസ്ഫോം ടൂളുകൾ എന്തിന് ഉപയോഗിക്കുന്നു? വിവിധ ട്രാൻസ്ഫോം ടൂളുകൾ എവ?

3. ജിമ്പ് സോഫ്റ്റ് വെയറിൽ ലെയറിന്റ പ്രാധാന്യം വ്യക്തമാക്കുക?.

4. അനു ഹിന്ദിയിൽ ഒരു കവിത കമ്പ്യൂട്ടറിൽ ടൈപ്പ്ചെയ്ത് തയ്യാറാക്കാൻ ശ്രമിച്ചപ്പോൾ അക്ഷരങ്ങളെല്ലാം ഇംഗ്ലീഷിലാണ് സ്ക്രീനിൽ തെളിയുന്നത്. ഹിന്ദി അക്ഷരങ്ങൾ തെളിയുവാൻ അനു എന്താണ് ചെയ്യേണ്ടത് ?

5. "സർക്കാർ ഉത്തരവുകളും, പ്രിന്റ് എടുക്കുവാനായി തയ്യാറാക്കുന്ന മറ്റ് പല ഡോക്യുമെന്റുകളും പി.ഡി.എഫ്. രൂപത്തിൽ സേവ്ചെയ്യുന്നതാണ് ഉത്തമം". ഈ പ്രസ്താവനയോട് നിങ്ങൾ യോജിക്കുന്നുണ്ടോ ?എന്തുകൊണ്ട് ?

6. 1500 വിദ്യാർത്ഥികൾ പഠിക്കുന്ന ഒരു വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെ മുഴുവൻ വിവരങ്ങളും ഉൾകൊള്ളുന്ന പട്ടിക നിങ്ങളുടെ കമ്പ്യൂട്ടറിൽ ഉണ്ടെന്നു വിചാരിക്കുക. അതിൽനിന്നും സംസ്കൃത ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണം മാത്രം എങ്ങിനെ വേർതിരിച്ചെടുക്കും?

7.ജിയോജിബ്രയിലെ ചില ടൂളുകൾ ചുവടെ തന്നിരിക്കുന്നു. അവയുടെ ഉപയോഗം എഴുതുക?

| A | B | C |
|---|---|---|
|  |  |  |

8. ഡൈലേഷൻ ടൂൾ എന്തിനുപയോഗിക്കുന്നു?

9. വെബ്ബ് പേജും വെബ്ബ്സൈറ്റും തമ്മിലുള്ള വ്യത്യാസം എന്ത്?

====================

## 2 സ്കോറിനുള്ള ചോദ്യങ്ങൾ

1. രസതന്ത്ര വർഷവുമായി ബന്ധപ്പെട്ട് സ്കൂളിൽ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഡിജിറ്റൽ കൊളാഷ് നിർമ്മാണ മത്സരത്തിനായി ശങ്കർ ശേഖരിച്ച ചിത്രങ്ങളിലെ ആവശ്യമായ ഭാഗങ്ങൾ ജിമ്പിന്റെ ക്യാൻവാസിൽ ഒട്ടിക്കുന്നതിനുള്ള പ്രവർത്തനക്രമം നൽകി ശങ്കറിനെ സഹായിക്കാമൊ?

2. സെൽ ഫ്രീസിംഗ് എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്? ഇങ്ങനെ ചെയ്യുന്നത് കൊണ്ടുള്ള പ്രയോജനം എന്തെന്ന് വ്യക്തമാക്കുക?

3. അനു ഹിന്ദിയിൽ ഒരു കവിത കമ്പ്യൂട്ടറിൽ ടൈപ്പുചെയ്ത് തയ്യാറാക്കാൻ ശ്രമിച്ചപ്പോൾ അക്ഷരങ്ങളെല്ലാം ഇംഗ്ലീഷിലാണ് സ്ക്രീനിൽ തെളിയുന്നത്. ഹിന്ദി അക്ഷരങ്ങൾ തെളിയുവാൻ അനു എന്താണ് ചെയ്യേണ്ടത് ?

4. Slider ടൂളുപയോഗിച്ച് ജിയോജിബ്ര സോഫ്റ്റ് വെയറിൽ ഒരു വൃത്തം വരയ്ക്കുന്ന പ്രവർത്തനക്രമം എഴുതുക?

5. വിവിധതരം സ്റ്റൈലുകൾ ഏതെല്ലാം ? ഓരോന്നിന്റെയും പ്രത്യേകതയെന്ത്?

6. ഒരു വെബ്ബ് പേജിൽ ചിത്രം ഉൾപ്പെടുത്തുന്നതിനുള്ള പ്രവർത്തനക്രമം എഴുതുക?

7. ചുവടെ നൽകിയിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

| ടാഗുകൾ | ഉപയോഗം |
|---|---|
| a) <img> | |
| b) <marquee> | |
| c) <br> | |
| d) <b> | |

==================